**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4367** 25.06.2019-ൽ മറുപടിക്ക്

**കായപനച്ചി-കന്നംചിറ-ചുണ്ടയിൽ-എടച്ചേരി റോഡ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.കെ.വിജയൻ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കിഫ്ബിയിൽ പ്രഖ്യാപിച്ച കായപനച്ചി - കന്നംചിറ - ചുണ്ടയിൽ - എടച്ചേരി റോഡിന്റെ ഡി.പി.ആർ. (ഡീറ്റെയ്ൽഡ് പ്രൊജക്റ്റ് റിപ്പോർട്ട്) തയ്യാറാക്കാൻ വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 10.07.2017-ലെ സ.ഉ(സാധാ) നം.942/2017/പൊ.മ.വ പ്രകാരം തത്വത്തിൽ അനുമതി നൽകിയ 'കായപനച്ചി - ചുയിൽ - പുതിയങ്ങാടി റോഡ്' എന്ന പ്രവൃത്തിയുടെ പേര് മാറ്റം വരുത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണെന്നും പേരുമാറ്റത്തിന് അംഗീകാരം ലഭിച്ചതിനുശേഷം ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ സ്വീകരിക്കുന്നതാണെന്നും പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പേര് മാറ്റം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) ഡി.പി.ആർ. തയ്യാറാക്കാൻ വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും ആയത് തയ്യാറാക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് എന്താണെന്നും വ്യക്തമാക്കാമോ; | |
| (സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ.തയ്യാറാക്കി ആയതിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ